**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2499** **27-02-2023 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിൽ വ്യവസായ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | വ്യവസായ സംരംഭങ്ങൾ കുറവായ പൂഞ്ഞാർ മണ്ഡലത്തിൽ കിൻഫ്രയുടെ നേതൃത്വത്തിൽ ഒരു വ്യവസായ പാർക്ക് ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (എ) | ഇതുമായി ബന്ധപ്പെട്ട് 05.07.2022 ൽ കോട്ടയം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ അദ്ധ്യക്ഷനായ ജില്ലാതല സൈറ്റ് സെലക്ഷൻ കമ്മിറ്റി കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി സൗത്ത് & നോർത്ത് വില്ലേജുകളിൽ ഉൾപ്പെട്ട 151.6 ഏക്കർ ഭൂമി സന്ദർശിക്കുകയും ടി ഭൂമി റബ്ബർ അധിഷ്ഠിത വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി ഏറ്റെടുക്കാവുന്നതാണെന്നും ആയത് ഏറ്റെടുക്കുന്നതിന് റവന്യൂ, വനം, ഖനന-ഭൂവിജ്ഞാന, പൊതുമരാമത്ത് വകുപ്പുകളുടെയും കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്, കേരള സംസ്ഥാന വൈദ്യുതി ബോർഡ് എന്നീ സ്ഥാപനങ്ങളുടെയും ക്ലിയറൻസ് ലഭ്യമായതിനുശേഷം ഫലപ്രദമായി വിനിയോഗിക്കാൻ കഴിയുന്ന ഭൂമിയുടെ അളവ് സംബന്ധിച്ച് സാങ്കേതിക വിദഗ്ദ്ധരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്നും പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിർദ്ദിഷ്ട പ്രദേശം പാർക്കിന് അനുയോജ്യമാണോയെന്നുള്ള വിദഗ്ദ്ധ പഠനവും നിക്ഷേപ സാധ്യതയും വിലയിരുത്തിയശേഷം മാത്രമേ വ്യവസായ പാർക്ക് അനുവദിക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുവാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ